## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 26.11.2025 മുതൽ 30.11.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 47/2025 (94) ചൊവ്വാഴ്ച | തീയ്യതി 25/11/2025 |
|---|---|

**അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 26.11.2025 | 27.11.2025 | 28.11.2025 | 29.11.2025 | 30.11.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.5 | 0.3 | 0.2 | 0.1 | 0.2 |
| ഉയർന്ന താപനില (°C) | 31 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 3 | 3 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 320 | 320 | 320 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 4 | 5 | 4 | 4 | 5 |

കാലാവസ്ഥാ അറിയിപ്പ്:- വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)**

പൊതുനിർദേശങ്ങൾ:-.കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ വിളകൾക്ക് ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) | പോള ചീയൽ / കട ചീയൽ | ഹെക്സകോനാസോൾ 5 ഇ സി 1.5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക |
| തെങ്ങ് | കായ ചീയലും കായ പൊഴിച്ചിലും (ലാസിയോ ഡിപ്ലോഡിയ) | കൃഷിയിടത്തിൽ നിന്നും പൊഴിഞ്ഞു വീണ മച്ചിങ്ങകൾ നീക്കം ചെയ്യുക, പത്തു ശതമാനം വെളുത്തുള്ളി സത്ത് അല്ലെങ്കിൽ കാർബെൻഡാസിം 1 മി.ലി. / ഹെക്സകൊണസോൾ 1.5 - 2 മി.ലി./ കാർബൻഡാസിം 12% + മാങ്കോസബ് 63% 2 ഗ്രാം എന്നിവയിലേതെങ്കിലും ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് പുതിയ പൂങ്കുലകൾ ഒഴിവാക്കി തളിക്കുക. |
| മഞ്ഞൾ | ഇലകരിച്ചിൽ | കാർബൻറ്റാസിം + മാങ്കോസബ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കാം അല്ലെങ്കിൽ മാങ്കോസബ് 3 ഗ്രാം / ലിറ്റർ അല്ലെങ്കിൽ 1 % ബോർഡോ മിശ്രിതം തളിക്കാം. വിള പരിവർത്തനം ചെയ്യുക. രോഗം ബാധിച്ച ചെടികളിൽ നിന്നും വിത്ത് എടുക്കാതിരിക്കുക. വിത്ത് മഞ്ഞൾ ബോർഡോ മിശ്രിതത്തിൽ അര മണിക്കൂർ മുക്കി വെച്ച തണലിൽ ഉണിക്കിയ ശേഷം സൂക്ഷിക്കുക |
| വൃക്ഷ വിളകൾ | പിങ്ക് രോഗം | ഹെക്സകൊണസോൾ 5 ഇ.സി. 2 മി.ലി. ഒരു ലി. വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. മഴ മാറിയ ശേഷം രോഗ ബാധിതമായ ഭാഗങ്ങൾ മുറിച്ചു മാറ്റിയ ശേഷം മുറിവിൽ 10 % ബോർഡോ മിശ്രിതം അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് (10 ഗ്രാം./ലി.) തേച്ചു കൊടുക്കുക. |
| മഞ്ഞൾ, പയർ, ചേന | സ്ക്ളീറോഷ്യം (ചീയൽ രോഗം) | രോഗം ബാധിക്കാത്ത നടീൽ വസ്തുക്കൾ ഉപയോഗിക്കുക. രോഗ ബാധയുണ്ടായിരുന്ന സ്ഥലങ്ങളിൽ നിന്നും വിത്തുകൾ ശേഖരിക്കുകയാണെങ്കിൽ 0.2 % മാങ്കോസബ് / കാർബൻഡാസിം അല്ലെങ്കിൽ ട്രൈക്കോഡെർമ്മ (5 ഗ്രാം / കി.ഗ്രാം. വിത്ത്) ചാണക പാലിൽ ലയിപ്പിച്ചത്, 0.7 % നന്മ എന്നിവയിലേതിലെങ്കിലും പരിചരിച്ച് തണലിലുണക്കി സൂക്ഷിക്കുക. നടുന്നതിനു മുൻപായി ട്രൈക്കോഡെർമ്മ (5 ഗ്രാം / കി.ഗ്രാം. വിത്ത്) ചാണക പാലിൽ ലയിപ്പിച്ച ലായനിയിൽ മുക്കിയിട്ട് നടുക. |

മത്സ്യ കൃഷി-മത്സ്യ കർഷകർക്ക് കുളമൊരുക്കുവാനുള്ള സമയമാണ്. തിലപ്പിയ, അനാബസ് എന്നീ മത്സ്യങ്ങൾ ആറു മാസം കൊണ്ട് വിളവെടുക്കാൻ കഴിയുന്നവയാണ്.